"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - 'Construction of 15 LL OHSR near old Ayurveda Hospital Manjummal, Eloor Municipality, Laying 300mm DI K9 pipes and Allied works - General Civil Work' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനായി ലഭിച്ച ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ(ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.35/2025/WRD തീയതി,തിരുവനന്തപുരം, 05-05-2025

---

പരാമർശം:-
1. സ.ഉ.(പി) നം.16/2017/ധന തീയതി 06.02.2017.
2. സ.ഉ.(സാധാ) നം.2906/2022/LSGD തീയതി 24.11.2022.
3. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 14.11.2024 തീയതിയിലെ KWA-JB/1378/2023-AE 10-Part(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ 'Construction of 15 LL OHSR near old Ayurveda Hospital Manjummal, Eloor Municipality, Laying 300mm DI K9 pipes and Allied works - General Civil Work' എന്ന പ്രവൃത്തിയ്ക്ക് പരാമർശം (2) പ്രകാരം 734.045 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കേരള വാട്ടർ അതോറിറ്റി 13.06.2023 തീയതിയിലെ ഉത്തരവ് പ്രകാരം 715.667 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയ്ക്ക് വാട്ടർ അതോറിറ്റി ടെൻഡർ ക്ഷണിച്ചുവെങ്കിലും ഒരൊറ്റ ഓഫർ മാത്രം ലഭിച്ചതിനാൽ, ടെൻഡർ റദ്ദാക്കുകയും 24.07.2023-ൽ റീ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ലഭിച്ച 3 ഓഫറിൽ ഏറ്റവും കുറഞ്ഞ 6,59,18,698.92/- രൂപ (TPAC-യെക്കാൾ 16.50%) യുടെ ടെൻഡർ അംഗീകാരത്തിനായി വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. പരാമർശം (1) ലെ ഖണ്ഡിക 4(v) പ്രകാരം യഥാർത്ഥ സ്ഥല സാഹചര്യങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുവാനും വ്യാപകമായ പ്രചാരണം നൽകി പ്രവൃത്തി റീടെൻഡർ ചെയ്യുവാനും സർക്കാർ കേരള വാട്ടർ അതോറിറ്റിയോട് നിർദേശിച്ചു. തുടർന്ന് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് റീ-കാസ്റ്റ് ചെയ്യുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ വീണ്ടും റദ്ദാക്കുകയും വിപുലമായ പ്രചാരണം നൽകിയതിന് ശേഷം പ്രവൃത്തി റീ-ടെൻഡർ ചെയ്യുകയും ചെയ്തു. പ്രസ്തുത ദർഘാസിൽ ചുവടെ ചേർക്കുന്നവരിൽ നിന്നും രണ്ട് ഓഫറുകൾ ലഭിക്കുകയുണ്ടായി.

a) നോബിൾ ടെക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, നോബിൾ ഹൗസ് , എം.കെ.കെ നായർ റോഡ്, പാലാരിവട്ടം, കൊച്ചി -682025

b) ശ്രീ.എം.കെ.ഹൻസാർ, ഹസീന കോട്ടേജ്, പാനായിക്കുളം.പി.ഒ, ആലുവ - 683511

3. രണ്ട് ബിഡർമാരെയും പ്രീക്വാളിഫൈ ചെയ്യാൻ , 19.09.2024 ന് ചേർന്ന ടെൻഡർ കമ്മിറ്റി

തീരുമാനിക്കുകയും 01.10.2024 ന് പ്രൈസ് ബിഡ് തുറക്കുകയും ചെയ്തതായി വാട്ടർ അതോറിറ്റി എംഡി അറിയിച്ചിരുന്നു. L1 ബിഡ്ഡറായ M/s നോബിൾ ടെക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, ക്വാട്ട് ചെയ്ത തുകയായ 6,25,87,725.28/- രൂപ, TPAC യെക്കാൾ 17.99% കൂടുതലാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയർ L1 ബിഡ്ഡറുമായി ചർച്ച നടത്തുകയും ക്വാട്ട് ചെയ്ത തുക 6,23,16,420/- രൂപയായി കുറയ്ക്കുകയും ചെയ്തു. ടി തുക TPAC യെക്കാൾ 17.48% കൂടുതലാണ്.

4. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം DSoR+10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഏറ്റവും കുറഞ്ഞ തുകയായ 5,83,47,943/- രൂപ (Current SoR+10%) യ്ക്കുള്ള ടെൻഡറിനാണ് അനുമതി നൽകേണ്ടത്. എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തതിന് ശേഷമുള്ള റീടെൻഡർ ആണ് ഇതെന്നതിനാലും, റീടെണ്ടർ കഴിഞ്ഞ ഈ പ്രവൃത്തിക്ക് ഇനി കുറേക്കൂടി മെച്ചപ്പെട്ട ടെണ്ടർ ലഭിക്കാനുള്ള സാധ്യത കുറവായതിനാലും, ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനിൽ നിന്ന് ലഭിച്ച ഓഫർ പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

5. ഏലൂർ മുനിസിപ്പാലിറ്റിയിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണെന്നും നിലവിലെ ജലവിതരണം ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ പര്യാപ്തമല്ലെന്നും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്നും വാട്ടർ അതോറിറ്റി എം.ഡി അറിയിക്കുകയുണ്ടായി. റീടെൻഡറിൽ മികച്ച ഓഫർ ലഭിക്കാനുള്ള സാധ്യത കുറവായതിനാൽ ടി പ്രവൃത്തി ബിഡ്ഡർ ആയ M/s നോബിൾ ടെക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, നോബിൾ ഹൗസ്, എം.കെ.കെ നായർ റോഡ്, പാലാരിവട്ടം, കൊച്ചി-682025 -ന് നെഗോഷിയേറ്റഡ് നിരക്കായ 6,23,16,420/- രൂപയ്ക്ക് (TPAC യെക്കാൾ 17.48% കൂടുതൽ) അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സർക്കാരിനോട് അഭ്യർഥിക്കുകയുണ്ടായി.

6. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേന്ദ്ര സഹായ പദ്ധതിയായ അമൃതിനുകീഴിലുള്ള പ്രവൃത്തിയാണിത്. അനവധി പ്രാവശ്യം ടെണ്ടർ വിളിക്കുകയും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വീണ്ടും ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിനകം തന്നെ കരാറുകാരനുമായി നെഗോഷിയേഷൻ കഴിഞ്ഞിട്ടുള്ളതുമാണ്.

7. പ്രസ്തുത സാഹചര്യത്തിൽ, എറണാകുളം ജില്ലയിലെ 'Construction of 15 LL OHSR near old Ayurveda Hospital Manjummal, Eloor Municipality, Laying 300mm DI K9 pipes and Allied works - General Civil Work' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് L1 ബിഡ്ഡറായ M/s നോബിൾ ടെക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, നോബിൾ ഹൗസ്, എം.കെ.കെ നായർ റോഡ്, പാലാരിവട്ടം, കൊച്ചി - 682025 എന്ന കരാറുകാരന് നെഗോഷിയേറ്റഡ് തുകയായ 6,23,16,420/- (TPAC-യെക്കാൾ 17.48% അധികരിച്ചത്) രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ(എസ്.സി) വകുപ്പ് (30.04.2025-ലെ ഇനം നം.2888 പ്രകാരം)

4. ധനകാര്യ വകുപ്പ് (ഫയൽ നം. പിയു-സി1/20/2024/ധന)
5. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 05-05-2025 14:09:51

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്
ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-04-2025

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി2/3/2024/ജവിവ. ഇനം നം: 2888

വിഷയം : ജലവിഭവ വകുപ്പ് - 'Construction of 15 LL OHSR near old Ayurveda Hospital Manjummal, Eloor Municipality, Laying 300mm DI K9 pipes and Allied Works - General Civil Work' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.
നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം അംഗീകരിക്കാവുന്ന ടെണ്ടർ എക്സസിൽ നിന്നും വളരെയധികം ഉയർന്ന നിരക്കിൽ ടെണ്ടർ അംഗീകരിക്കേണ്ടതായി വരുന്നതും, ഒരു പ്രവൃത്തിയ്ക്ക് തന്നെ നിരവധി തവണ ടെണ്ടർ ക്ഷണിക്കേണ്ടതായി വരുന്നതുമുൾപ്പെടെയുള്ള സാഹചര്യങ്ങൾ പഠിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പ്രശ്നപരിഹാരത്തിന് ജലവിഭവ വകുപ്പ് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
30 APR 2025
6-3597

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

2/5/25
S-S

2888

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യുഎസ്-ബി2/3/2024-ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | 'Construction of 15 LL OHSR near old Ayurveda Hospital Manjummal, Eloor Municipality, Laying 300mm DI K9 pipes and Allied works - General Civil Work' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള ടെൻഡർ അംഗീകരിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01.04.2025. |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത യുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>:<br>: | അതെ<br>ഉണ്ട്.<br>ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ ജെ. |

| | | | |
|---|---|---|---|
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.04.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.04.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23.04.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 24.04.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

'Construction of 15 LL OHSR near old Ayurveda Hospital Manjummal, Eloor Municipality, Laying 300mm DI K9 pipes and Allied works - General Civil Work' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമർപ്പിച്ച ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് 24/11/2022 തീയതിയിലെ GO (Rt) No. 2906/2022/LSGD പ്രകാരം 734.045 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 13.06.2023 -ലെ ഉത്തരവ് പ്രകാരം 715.667 ലക്ഷം രൂപയുടെ സാങ്കേതികാനുമതി കേരള വാട്ടർ അതോറിറ്റി നൽകുകയുണ്ടായി. കൊച്ചിയിലെ പിഎച്ച് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഈ പ്രവൃത്തിക്കായുള്ള ഇ-ടെൻഡർ ക്ഷണിച്ചു. ഒരൊറ്റ ഓഫർ മാത്രം ലഭിച്ചതിനാൽ, ടെൻഡർ റദ്ദാക്കുകയും 24.07.2023 തീയതിയിൽ റീ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ക്വോട്ട് ചെയ്ത 3 ഓഫറിൽ ഏറ്റവും കുറഞ്ഞ 6,59,18,698.92/- രൂപ (TPAC-യെക്കാൾ 16.50%) യുടെ ടെൻഡർ അംഗീകാരത്തിനായി വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

3. ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ 06.02.2017 ലെ G.O(P)No.16/2017/Fin ലെ ഖണ്ഡിക 4(v) അനുസരിച്ച് യഥാർത്ഥ സ്ഥല സാഹചര്യങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുവാനും ഇത് രണ്ടാമത്തെ ടെൻഡർ ആയതിനാൽ വ്യാപകമായ പ്രചാരണം നൽകി പ്രവൃത്തി റീടെൻഡർ ചെയ്യുവാനും നിർദ്ദേശിച്ചു. പ്രസ്തുത നിർദ്ദേശം അംഗീകരിച്ച് എസ്റ്റിമേറ്റ് പുനഃക്രമീകരിക്കാൻ കേരള വാട്ടർ അതോറിറ്റിയോട് നിർദ്ദേശിച്ചിരുന്നു. എസ്റ്റിമേറ്റ് റീ-കാസ്റ്റ് ചെയ്തതായും ടെൻഡർ ക്ഷണിച്ചുവെന്നും ആരും പങ്കെടുക്കാത്തതിനാൽ വീണ്ടും റദ്ദാക്കിയതായും കെഡബ്ല്യുഎ എംഡി റിപ്പോർട്ട് ചെയ്തു. വിപുലമായ പ്രചാരണം നൽകിയതിന് ശേഷം പ്രവൃത്തി റീ-ടെൻഡർ ചെയ്യുകയും അതിൻ പ്രകാരം ചുവടെ ചേർക്കുന്നവരിൽ നിന്നും രണ്ട് ഓഫറുകൾ ലഭിക്കുകയും ചെയ്തു.

a) നോബിൾ ടെക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, നോബിൾ ഹൗസ് , എം.കെ.കെ നായർ റോഡ്, പാലാരിവട്ടം, കൊച്ചി -682025

b) ശ്രീ.എം.കെ.ഹൻസാർ, ഹസീന കോട്ടേജ്, പാനായിക്കുളം.പി.ഒ, ആലുവ - 683511

4. കേരള വാട്ടർ അതോറിറ്റി മധ്യമേഖല ചീഫ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ 19.09.2024-ന് ചേർന്ന ടെൻഡർ കമ്മിറ്റി ടെൻഡർ വിശദമായി വിലയിരുത്തി. രണ്ട് ബിഡർമാരെയും പ്രീക്വാളിഫൈ ചെയ്യാൻ തീരുമാനിക്കുകയും 01.10.2024 ന് പ്രൈസ് ബിഡ് തുറക്കുകയും ചെയ്തു. L1 ബിഡ്ഡറായ M/s നോബിൾ ടെക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, ക്വാട്ട് ചെയ്ത തുകയായ 6,25,87,725.28/- രൂപ, TPAC യെക്കാൾ 17.99% കൂടുതലാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയർ L1 ബിഡ്ഡറുമായി ചർച്ച നടത്തുകയും ക്വാട്ട് ചെയ്ത തുക 6,23,16,420/- രൂപയായി കുറയ്ക്കുകയും ചെയ്തു. ടി തുക TPAC യെക്കാൾ 17.48% കൂടുതലാണ്.

**<u>Comparison statement with Quoted Amount</u>**

| **Quoted Amount Rs.6,23,16,420/-** | | |
|---|---|---|
| | Amount | Quoted Amount Percentage above or below. |
| Tendered PAC (TPAC) (Current SoR) | Rs. 5,30,43,584/- | 17.48 % above |
| Current SoR + 10% | Rs. 5,83,47,943/- | 6.80 % above |
| Local Market Rate (LMR) | Rs. 6,16,76,448.44/- | 1.04 % above |

5. നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം മുകളിൽ പറഞ്ഞവയിൽ ഏറ്റവും കുറഞ്ഞ തുകയായ 5,83,47,943/- രൂപ (Current SoR+10%) യ്ക്കുള്ള ടെൻഡറിന് അനുമതി നൽകാവുന്നതാണ്. എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തതിന് ശേഷമുള്ള റീടെൻഡർ ആണിതെന്നതിനാലും, റീടെണ്ടർ കഴിഞ്ഞ ഈ പ്രവൃത്തിക്ക് ഇനി കുറേക്കൂടി മെച്ചപ്പെട്ട

ടെണ്ടർ ലഭിക്കാനുള്ള സാധ്യത കുറവായതിനാലും, ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനിൽ നിന്ന് ലഭിച്ച ഓഫർ പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ ശിപാർശ ചെയ്തു. ഏലൂർ മുനിസിപ്പാലിറ്റിയിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണെന്നും നിലവിലെ ജലവിതരണം ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ പര്യാപ്തമല്ലെന്നും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്നും വാട്ടർ അതോറിറ്റി എം.ഡി അറിയിക്കുകയുണ്ടായി.

6. റീടെൻഡറിൽ മികച്ച ഓഫർ ലഭിക്കാനുള്ള സാധ്യത കുറവായതിനാൽ ടി പ്രവൃത്തി ബിഡ്ഡർ ആയ M/s നോബിൾ ടെക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, നോബിൾ ഹൗസ്, എം.കെ.കെ നായർ റോഡ്, പാലാരിവട്ടം, കൊച്ചി-682025 -ന് നെഗോഷിയേറ്റഡ് നിരക്കായ 6,23,16,420/- രൂപയ്ക്ക് (TPAC യെക്കാൾ 17.48% കൂടുതൽ) അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി എം.ഡി ശിപാർശ ചെയ്തു.

7. ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*"AD is informed that, in case AD feels that there is no scope in getting a better response even on recall of tenders and that the completion of works is urgent, then lowest quoted M/s NOBLE TECH ENGINEERING (P) LTD, Noble House, M.K.K Nair Road, Palarivattom, Cochin - 682025 at his negotiated quoted amount of Rs. 6,23,16,420/- which is 17.48 % above TPAC of Rs 5,30,43,584/- obtained during the 4th tender may be placed before Council of Ministers for getting approval ,with full justification ( however ONLY after making a sincere effort to reduce the rate within LMR)."*

8. ഫയൽ ബഹു.ജല വിഭവ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു. മന്ത്രി താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"അനവധി പ്രാവശ്യം ടെണ്ടർ ചെയ്ത പ്രവൃത്തിയാണിത്. കൂടാതെ കേന്ദ്ര സഹായ പദ്ധതിയായ അമൃതിനുകീഴിലുള്ള പ്രവൃത്തിയാണിത്. പലപ്രാവശ്യം ടെണ്ടർ വിളിക്കുകയും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വീണ്ടും ടെണ്ടർ വിളിക്കുകയും ചെയ്തതാണ്. ഇതിനകം തന്നെ കരാറുകാരനുമായി നെഗോഷിയേഷൻ കഴിഞ്ഞു. ലോക്കൽ മാർക്കറ്റ് റേറ്റിൽ നിന്ന് കേവലം ഏഴുലക്ഷം രൂപ മാത്രമാണ് കൂടി നിൽക്കുന്നത്. ഇനിയും കാലതാമസം ഉണ്ടാകുന്നത് ചെലവ് കൂട്ടാനേ ഉപകരിക്കൂ എന്നതിനാൽ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും."

9. ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

'Construction of 15 LL OHSR near old Ayurveda Hospital Manjummal, Eloor Municipality, Laying 300mm DI K9 pipes and Allied works - General Civil Work' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് L1 ബിഡ്ഡറായ M/s നോബിൾ ടെക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, നോബിൾ ഹൗസ്, എം.കെ.കെ നായർ റോഡ്, പാലാരിവട്ടം, കൊച്ചി - 682025 എന്ന കരാറുകാരന് നെഗോഷിയേറ്റ് തുകയായ 6,23,16,420/- (TPAC-യെക്കാൾ 17.48% അധികരിച്ചത്) രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകാമോ?